**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1585** **19-01-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണവകുപ്പുകളുടെ ഏകീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | **Shri A. C. Moideen**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണവകുപ്പുകളുടെ ഏകീകരണം സംബന്ധിപ്പ് വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കുന്നതിന് സ്പെഷ്യൽ സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമ വികസനം, നഗരകാര്യം, നഗര ഗ്രാമാസൂത്രണം, തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ച് കൊണ്ട് സ.ഉ.(കൈ) നം.106/2020/ത.സ്വ.ഭ.വ തീയതി, 17.07.2020 പ്രകാരം ഉത്തരവാ യിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ സെക്രട്ടറി തയ്യാറാക്കിയ കരട് വിശേഷാൽ ചട്ടങ്ങൾ ജീവനക്കാരുടെ സംഘടനകളുടെ നിർദ്ദേശങ്ങൾക്കും അഭിപ്രായ ത്തിനുമായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. അപ്രകാരം ലഭ്യമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സർക്കാർ തലത്തിൽ പരിശോധിച്ചു വരികയാണ്. |
| (ബി) | ഏകീകൃതവകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനുള്ള മാന്വൽ ലോക്കൽ ഡെവലപ്മെന്റ് കമ്മീഷൻ തയ്യാറാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ; | (ബി) | ഏകീകൃതവകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനുള്ള മാന്വൽ ലോക്കൽ ഡെവലപ്മെന്റ് കമ്മീഷൻ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. |
| (സി) | വകുപ്പുകളുടെ ഏകീകരണം ജീവനക്കാരുടെ പ്രമോഷനെ എങ്ങനെ ബാധിക്കുമെന്ന് വിശദീകരിക്കാമോ; | (സി) | സ.ഉ.(കൈ) നം.106/2020/ ത.സ്വ.ഭ.വ തീയതി, 17.07.2020 പ്രകാരം ഏകീകരണ ഉത്തരവ് തീയതിയ്ക്ക് മുമ്പ് സ്റ്റേറ്റ് സർവീസിലും സബോർഡിനേറ്റ് സർവീസിലും പ്രവേശിച്ച ഓരോ ജീവനക്കാരനും സർവീസിൽ നിന്നും പിരിയുന്നതുവരെ പഴയ വകുപ്പുകളിലുള്ള Seniorityയും lienഉം നിലനിർത്തി പഴയ വകുപ്പിൽ അർഹതപ്പെട്ട എല്ലാ പ്രമോഷനുകൾക്കും അർഹത യുണ്ടായിരിക്കുന്നതാണ്. |
| (ഡി) | കേരള മുൻസിപ്പൽ കോർപ്പറേഷനിൽ നവംബർ 2020 മുതൽ 2021 മെയ് 31 വരെ എത്ര റവന്യൂ | (ഡി) | കേരള മുനിസിപ്പൽ കോർപ്പറേഷനിൽ നവംബർ 2020 മുതൽ 2021 മെയ് 31 വരെ റവന്യൂ |

| | | | |
|---|---|---|---|
| | ഇൻസ്പെക്ടർ സൂപ്രണ്ട് ഒഴിവുകൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ? | | ഇൻസ്പെക്ടർ തസ്തികയിൽ 5 ഒഴിവുകളും സൂപ്രണ്ട് തസ്തികയിൽ 11 ഒഴിവുകളും ഉണ്ടാകുന്നതാണ് |

സെക്ഷൻ ഓഫീസർ